LIBRARY ARCHIVES Kerala Legislative Assembly

വൈദ്യചികിത്സയ്ക്കുള്ള ചെലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1.5 ലക്ഷം രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകാവുന്നതാണ്. അടിയന്തര ഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25,000 രൂപ ചികിത്സാ ധനസഹായമായി അനുവദിക്കാവുന്നതാണ്.

(ബി) കലാകാര പെൻഷൻ ലഭിക്കുന്നതിന് കലാകാര ക്ഷേമനിധിയിൽ അംഗമായിരിക്കണമെന്ന നിബന്ധനയുണ്ടോ;

&

(സി) ക്ഷേമനിധി അംഗത്വമെടുക്കാൻ സാധിക്കാതെ പോയവരും അവശരായവരും പ്രായാധിക്യത്താൽ പ്രയാസപ്പെടുന്നവരുമായ കലാകാരന്മാർക്ക് നിബന്ധനയിൽ ഇളവുനൽകി പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേനയുള്ള കലാകാര പെൻഷൻ ലഭിക്കുന്നതിന് കലാകാര ക്ഷേമനിധിയിൽ അംഗമായിരിക്കണമെന്ന് നിബന്ധനയില്ല. ക്ഷേമനിധി അംഗത്വമുള്ളവർക്ക് മാത്രമേ ക്ഷേമനിധി മുഖേനയുള്ള പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ളൂ.

ഗിരീഷ് പുത്തഞ്ചേരിക്ക് സ്മാരക മന്ദിരം

288 (3994) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവിയും ഗാനരചയിതാവുമായിരുന്ന ഗിരീഷ് പുത്തഞ്ചേരിക്ക് സ്മാരക മന്ദിരമില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗിരീഷ് പുത്തഞ്ചേരിക്ക് സ്മാരക മന്ദിരം നിർമ്മിക്കുവാൻ സർക്കാർ തയ്യാറാകുമോ;

&

(സി) എങ്കിൽ പ്രസ്തുത സ്മാരക മന്ദിരം ചലച്ചിത്രഗാനങ്ങളെ കുറിച്ചുള്ള പഠനം നടത്തുന്നതിനുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടിയുണ്ടാകുമോ?

ഇപ്പോൾ പരിഗണനയിലില്ല.